"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസ വകുപ്പ് — സാങ്കേതിക വിദ്യാഭ്യാസം-ജീവനക്കാര്യം- ശ്രീ.അഭയ് കൃഷ്ണ കെ.എസ്., വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ (സിവിൽ), ഗവ. വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ, കൊണ്ടോട്ടി — പഠനാവശ്യാർത്ഥം ശൂന്യവേതനാവധി അനുവദിച്ച് — ഉത്തരവാകുന്നു.

---

**ഉന്നതവിദ്യാഭ്യാസ (എൽ) വകുപ്പ്**

സ.ഉ.(സാധാ) നം.963/2026/HEDN തീയതി,തിരുവനന്തപുരം, 03-08-2026

---

പരാമർശം:- സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ 31.03.2026, 23.06.2026 തീയതികളിലെ DTETVM/1738/2024-EC4 (EC) നമ്പർ കത്തുകൾ.

**ഉത്തരവ്**

കൊണ്ടോട്ടി ഗവ.വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ (സിവിൽ) തസ്തികയിൽ 27.02.2026-ന് സേവനത്തിൽ പ്രവേശിച്ച ശ്രീ.അഭയ് കൃഷ്ണ കെ.എസ്., ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, തൃശ്ശൂരിൽ ബി.ടെക് (സിവിൽ എഞ്ചിനീയറിംഗ്) കോഴ്സ് പൂർത്തിയാക്കുന്നതിനായി പഠനം തുടരുന്ന സാഹചര്യത്തിൽ, പഠനാവശ്യാർത്ഥം 28.02.2026 മുതൽ 31.05.2026 വരെ (93 ദിവസം) ശൂന്യവേതനാവധി അനുവദിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ പരാമർശ കത്ത് പ്രകാരം ശിപാർശ ചെയ്ത് സർക്കാരിലേയ്ക്ക് കൈമാറുകയുണ്ടായി. അപേക്ഷകൻ 31.05.2026-നകം ബി.ടെക് കോഴ്സ് പൂർത്തിയാക്കുമെന്ന് ബന്ധപ്പെട്ട കോളേജ് പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തിയ കോഴ്സ് സർട്ടിഫിക്കറ്റിനൊപ്പം അവധി കഴിഞ്ഞ് 01.06.2026-ന് ടിയാൻ ജോലിയിൽ തിരികെ പ്രവേശിച്ച വിവരം സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ തുടർന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. മേൽ വിവരിച്ച സാഹചര്യത്തിൽ കൊണ്ടോട്ടി ഗവ.വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ (സിവിൽ) ആയി സേവനമനുഷ്ഠിക്കുന്ന ശ്രീ.അഭയ് കൃഷ്ണ കെ.എസ്-ന് കേരള സർവീസ് റൂൾസ് ഭാഗം I, അനുബന്ധം XII-B യിലെ വ്യവസ്ഥകൾക്ക് വിധേയമായി 28.02.2026 മുതൽ 31.05.2026 വരെ പഠനാവശ്യാർത്ഥം ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രാജേഷ് എം

ജോയിന്റ് സെക്രട്ടറി

സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ, ഗവ. വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ, കൊണ്ടോട്ടി (സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ മുഖേന)
ശ്രീ. അഭയ് കൃഷ്ണ കെ.എസ്, വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ (സിവിൽ), ഗവ. വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ, കൊണ്ടോട്ടി (സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള, കോട്ടയം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ)
ധനകാര്യ വകുപ്പ് (17.07.2026-ലെ 3483825/ഇഡിഎൻ-സി2/155/2026/ധന. നം കുറിപ്പ് പ്രകാരം )
www.highereducation.kerala.gov.in
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Digitally signed by
Geetha Lekshmi. G
Date: 03-08-2026
11:31:26

സെക്ഷൻ ഓഫീസർ